# 156

*രാഗം: ദർബാർ - താളം - രൂപകം*

വന്ദനമേ ദേവ! തവ വന്ദനമേ
വന്നിങ്ങലമിന്നും കൃപ തന്നീടുകമന്നാ! തവ-

1 നിന്നുടെ സന്നിധി തന്നിലണയുമീ
മന്ദരാം ദാസരെ നോക്കി കൃപ
തന്നടിയാരുടെ ഖിന്നതയാകവെ തള്ളിടേണം സ്ഥിരരാക്കി
ചിന്നീട്ടിഹ നിൻ രുധിരം മന്നിച്ചു മഹാ ദുരിതം
വിണ്ണിൽ സ്ഥിരമാം നഗരം തന്നിങ്ങിതിലെന്തപരം-

2 സത്യാത്മസേവകർ ചേർന്നു നടത്തുമീ
ഹൃദ്യസമാജമിങ്ങെന്നും-വള-
ന്നത്യന്ത ശോഭയോടിദ്ധരയിൽ പ്രഭാ
പൂർത്തിയരുളുവാനിന്നും
വർദ്ധിച്ചൊരു നിൻ കൃപയെ യർത്ഥിച്ചു; ശമം ഹൃദയെ
വർദ്ധിഷ്ഠതിനിസ്സമയേ ശ്രദ്ധിക്ക സുതാർത്ഥനയേ

3 അന്യസഹായമില്ലിന്നരർക്കെന്നിഹ
നന്നായറിഞ്ഞീടുവാനും-ഭൂവി
തന്നിടും ജീവിതം നിന്നുടെ സേവയിൽ
തന്നെ നയിച്ചിടുവാനും
നിൻ സൽകൃപ നൽകിടണേ
വിർണ്ണോർക്കണി ഭൂപമണേ !
തിന്മക്കെതിരായിരണേ വൻപോരിടുവാൻ വരണേ-

4 യിസ്രയേൽ മക്കളെ സീൻമരുഭൂമിയിൽ
താങ്ങിനടത്തിയ ദേവാ! ദു:ഖ
മിശ്രമാം ജീവിതം നീക്കിയെന്നെ കനാൻ
നാട്ടിലയക്കണേ യോവാ!
യോർദ്ദാൻ ജദ്ധ വൻനദിയെ മാറ്റീടുക, സൽഗതിയേ
ചേർത്തീട്ടഹ, ദുർവ്വിധിയെ തീർത്തിടു സഭാപതിയേ!-

**K.V.S.**